**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 987** **29-08-2022 - ൽ മറുപടിയ്ക്ക്**

**കക്കയം ഇക്കോ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കക്കയം ഇക്കോ ടൂറിസം പദ്ധതിയുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കക്കയം ഇക്കോ ടൂറിസം പദ്ധതിയുടെ നവീകരണത്തിന് 10 ലക്ഷം രൂപയുടെ പ്രവർത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br><br>പട്ടിക അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. |
| (ബി) | കക്കയം ഉരക്കുഴി വെള്ളച്ചാട്ടത്തിലെ അപകടകരമായ തൂക്കുപാലം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തൂക്കുപാലം പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കക്കയം ഇക്കോടൂറിസം ഉൾപ്പെടുന്ന കോഴിക്കോട് ഡിവിഷന്റെ നിലവിലെ വർക്കിംഗ് പ്ലാൻ കാലാവധി 2021-ൽ അവസാനിച്ചിട്ടുള്ളതാണ്. പുതിയ വർക്കിംഗ് പ്ലാനിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് മാത്രമേ ടി തൂക്കുപാലത്തിന്റെ പുനരുദ്ധാരണം ഉൾപ്പെടെയുള്ള പുതിയ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | | |
|---|---|---|
| 1 | ഇരിപ്പിട സൗകര്യങ്ങൾ | 0.50 ലക്ഷം |
| 2 | ടോയിലറ്റ് (2 എണ്ണം) | 3.00 ലക്ഷം |
| 3 | ബോർഡുകൾ സ്ഥാപിക്കൽ | 1.00 ലക്ഷം |
| 4 | ഇക്കോ ഷോപ്പ് & കഫറ്റീരിയ | 3.00 ലക്ഷം |
| 5 | ഡ്രിങ്കിംങ് വാട്ടർ മെഷീൻ | 0.30 ലക്ഷം |
| 6 | മൊബൈൽ സിഗ്നൽ ബൂസ്റ്റർ | 0.20 ലക്ഷം |
| 7 | ഇന്റർപ്രട്ടേഷൻ സെന്റർ നവീകരണം | 2.00 ലക്ഷം |